എ.വൈ.ആർ



ഉയിർത്തെഴുന്നേൽപിനെയും രക്ഷാശിക്ഷകളെയും നിഷേധിക്കുന്ന ഓരോ മനുഷ്യനോടും അല്ലാഹു സത്യം ചെയ്തു പറയുകയാണ്: ഉയിർത്തെഴുന്നേൽപിക്കുക മാത്രമല്ല, നിങ്ങളെ പിഴപ്പിച്ചുകൊണ്ടിരിക്കുന്ന മനുഷ്യരിലും ജിന്നുകളിലുംപെട്ട ചെകുത്താന്മാരായ സുഹൃത്തുക്കളോടും നേതാക്കളോടുമൊപ്പം അല്ലാഹുവിന്റെ കോടതിയിൽ വിചാരണാവിധേയരാക്കുകയും ചെയ്യുമെന്നതിൽ യാതൊരു സംശയവും വേണ്ട. ശിക്ഷാവിധിയും കാത്ത് നരകതീരത്ത് നിസ്സഹായരും പതിതരുമായി മുട്ടുകുത്തിയിരിക്കാനേ അവർക്ക് കഴിയൂ.

സൂറ-19

# മർയം

**ആയത്ത് 66 മുതൽ 70 വരെ**

**66.** മനുഷ്യൻ ചോദിക്കുന്നു: ഞാൻ മരിച്ചു കഴിഞ്ഞാൽ പിന്നെ വീണ്ടും ജീവനോടെ എഴുന്നേൽപിക്കപ്പെടുമെന്നോ?!

وَيَقُولُ الْإِنسَانُ أَإِذَا مَا مِتُّ لَسَوْفَ أُخْرَجُ حَيًّا ٦٦

**67.** ഈ മനുഷ്യൻ ഓർക്കുന്നില്ലെയോ, നേരത്തെ താൻ ഒന്നുമല്ലാതിരുന്ന അവസ്ഥയിൽ നാം അവനെ സൃഷ്ടിച്ചത്?

أَوَلَا يَذْكُرُ الْإِنسَانُ أَنَّا خَلَقْنَاهُ مِن قَبْلُ وَلَمْ يَكُ شَيْئًا ٦٧

**68.** നിന്റെ നാഥനാണ, അവരെയൊക്കെയും ചെകുത്താന്മാരെയും നാം ഒരുമിച്ചുകൂട്ടുക തന്നെ ചെയ്യും. പിന്നെ മുട്ടുകുത്തിയവരായി നരകത്തിനു ചുറ്റും കൊണ്ടുവരികയും ചെയ്യും.

فَوَرَبِّكَ لَنَحْشُرَنَّهُمْ وَالشَّيَاطِينَ ثُمَّ لَنُحْضِرَنَّهُمْ حَوْلَ جَهَنَّمَ جِثِيًّا ٦٨

**69.** അനന്തരം ഓരോ കക്ഷിയിൽ നിന്നും, കരുണാമയനായ അല്ലാഹുവിനോട് ഏറ്റം ധിക്കാരിയായിരുന്നവരെ നാമിങ്ങ് ഊരിയെടുക്കും.

ثُمَّ لَنَنزِعَنَّ مِن كُلِّ شِيعَةٍ أَيُّهُمْ أَشَدُّ عَلَى الرَّحْمَٰنِ عِتِيًّا ٦٩

**70.** പിന്നെ അക്കൂട്ടരിൽ നരകത്തിലെറിയാൻ ഏറ്റം അർഹരായവരാരെന്ന് നന്നായറിയുന്നത് നാം തന്നെയാകുന്നു.

ثُمَّ لَنَحْنُ أَعْلَمُ بِالَّذِينَ هُمْ أَوْلَىٰ بِهَا صِلِيًّا ٧٠

ഞാൻ മരിച്ചു കഴിഞ്ഞാൽ = أَإِذَا مَا مِتُّ മനുഷ്യൻ പറയു(ചോദിക്കു)ന്നു = وَيَقُولُ الْإِنسَانُ

തീർച്ചയായും ശേഷം (പിന്നെ വീണ്ടും) ഞാൻ പുറപ്പെടുവി(എഴുന്നേൽപ്പി)ക്കപ്പെടുമെന്നോ? = لَسَوْفَ أُخْرَجُ

ഈ മനുഷ്യൻ ഓർക്കുന്നില്ലെയോ = أَوَلَا يَذْكُرُ الْإِنسَانُ ജീവിക്കുന്നവനായിട്ട് (ജീവനോടെ) = حَيًّا

നേരത്തെ = مِن قَبْلُ നാം അവനെ സൃഷ്ടിച്ചത് എങ്ങനെയെന്ന് = أَنَّا خَلَقْنَاهُ

നിന്റെ നാഥനാണ = فَوَرَبِّكَ യാതൊരു വസ്തുവും = شَيْئًا അവൻ ആയിരുന്നില്ല(ാത്ത അവസ്ഥയിൽ) = وَلَمْ يَكُ

ചെകുത്താന്മാരെയും = وَالشَّيَاطِينَ നാം അവരെ(യൊക്കെയും) ഒരുമിച്ചു കൂട്ടുക തന്നെ ചെയ്യും = لَنَحْشُرَنَّهُمْ

നരകത്തിനു ചുറ്റും = حَوْلَ جَهَنَّمَ പിന്നെ നാം തീർച്ചയായും അവരെ ഹാജരാക്കും(കൊണ്ടുവരും) = ثُمَّ لَنُحْضِرَنَّهُمْ

جِثِيًّا = മുട്ടുകുത്തിയവരായി ثُمَّ لَنَنزِعَنَّ = പിന്നെ നാം (ഇങ്ങ്)ഊരിയെടുക്കും

مِن كُلِّ شِيعَةٍ = എല്ലാ(ഓരോ) കക്ഷിയിൽനിന്നും أَيُّهُمْ = അവരിൽ ആരാണോ

أَشَدُّ عَلَى الرَّحْمَٰنِ عِتِيًّا = കരുണാമയനോട് ധിക്കാരത്തിൽ ഏറ്റം കടുത്തവനാരോ, അവനെ

(അല്ലാഹുവിനോട് ഏറ്റം ധിക്കാരിയായിരുന്നവനെ)

ثُمَّ لَنَحْنُ أَعْلَمُ = പിന്നെ നന്നായി അറിയുന്നു(ന്നത്) നാം തന്നെ

بِالَّذِينَ هُمْ أَوْلَىٰ بِهَا = അക്കൂട്ടത്തിൽ അതിന് (നരകത്തിന്) ഏറ്റം അർഹരായവരെ صِلِيًّا = വേവാൻ(എരിയാൻ)

## 66

**മലക്ക്** ജിബ്രീലിനെ ഉദ്ധരിച്ചുകൊണ്ടുള്ള വാക്കുകൾ കഴിഞ്ഞ സൂക്തത്തോടെ അവസാനിച്ചു. തുടർന്ന് അല്ലാഹു നേരിട്ട് പറയുന്ന വചനങ്ങളാണ്. الانسان എന്ന മൂലപദത്തിൽ എല്ലാ മനുഷ്യരും ഉൾപ്പെടാവുന്നതാണ്. ഇവിടെ ഉദ്ദേശിക്കുന്നത് മരണാനന്തര ജീവിതത്തെ നിഷേധിക്കുന്ന അറേബ്യൻ വിഗ്രഹാരാധകരാണെന്ന് സന്ദർഭത്തിൽനിന്ന് വ്യക്തമാകുന്നു. മനുഷ്യരെല്ലാവരും മരണാനന്തര ജീവിതത്തിൽ സംശയമുള്ളവരല്ലല്ലോ. മരണാനന്തര ജീവിതത്തെ നിഷേധിക്കുകയോ സംശയിക്കുകയോ ചെയ്യുന്നവർ മാത്രമേ ഇങ്ങനെ ചോദിക്കൂ. أَءِذَا مَا مِتُّ വിലെ ما യും لَسَوْفَ യിലെ لَ യും തീർച്ച (تأكيد)യെ കുറിക്കുന്ന ശബ്ദങ്ങളാണ്. പ്രതിയോഗികൾ പ്രവാചകനെയും ഖുർആനെയും നിഷേധിക്കുന്നതിന്റെ അടിസ്ഥാന കാരണം അവരുടെ തന്നെ വാക്കുകളിൽ വ്യക്തമാക്കുകയാണിവിടെ. ജീവനോടെ എഴുന്നേൽപിക്കപ്പെടുമെന്നോ എന്ന ചോദ്യം നിഷേധാർഥത്തിലുള്ളതാണ്. അല്ലാഹു ജീവിപ്പിക്കുന്നവനും മരിപ്പിക്കുന്നവനുമാണെന്ന് വിശ്വസിച്ചിരുന്നുവെങ്കിലും മരിച്ചു ദ്രവിച്ചു മണ്ണിൽ ചേർന്ന മനുഷ്യനെ വീണ്ടും ഉയിർത്തെഴുന്നേൽപിച്ചു വിചാരണ ചെയ്യുമെന്നോ ദൈവം അതിനു കഴിവുള്ളവനാണെന്നോ അവരംഗീകരിച്ചിരുന്നില്ല. ഇനി ഒരുവേള ഉയിർത്തെഴുന്നേൽപ് എന്നൊന്ന് ഉണ്ടായാലും ഞങ്ങളതിനെ ഭയപ്പെടേണ്ട കാര്യമില്ലെന്നും വാദിച്ചു. ഞങ്ങൾ ഇവിടെ പൂജിച്ചു പ്രസാദിപ്പിച്ചു കൊണ്ടിരിക്കുന്ന ദൈവപുത്രന്മാരും പുത്രിമാരും പരിവാരങ്ങളുമൊക്കെ അവിടെ ഞങ്ങൾക്ക് വേണ്ടി ശിപാർശ ചെയ്യാനുണ്ടാകും. അങ്ങനെ ഇവിടെ ലഭിച്ച സൗഭാഗ്യങ്ങളൊക്കെ അവിടെയും ഞങ്ങൾക്ക് ലഭിച്ചുകൊള്ളും, ഇതായിരുന്നു അവരുടെ നിലപാട്.

## 67

**ഉയിർത്തെഴുന്നേൽപ്** അസംഭവ്യമാണെന്ന് വാദിക്കുന്നവർക്കുള്ള ലളിതവും സുവ്യക്തവും അനിഷേധ്യവുമായ മറുപടിയാണിത്. മനുഷ്യൻ അവന്റെ ഉണ്മയെക്കുറിച്ച് ഒന്നു ഓർത്തുനോക്കട്ടെ. തികഞ്ഞ ഇല്ലായ്മയിൽ നിന്നാണ് ദൈവം അവനെ സൃഷ്ടിച്ചതെന്ന് ദൈവവിശ്വാസമുള്ളവരാരും സമ്മതിക്കും. ഇല്ലായ്മയിൽ നിന്നാണ് മനുഷ്യൻ ഉരുവം കൊണ്ടതെന്ന കാര്യം നാസ്തികർക്കും നിഷേധിക്കാനാവില്ല. തികഞ്ഞ ഇല്ലായ്മയിൽ നിന്നാണ് താൻ ഉണ്ടായതെങ്കിൽ, അതിനേക്കാൾ എത്രയോ സംഭാവ്യമാണ് ഒരിക്കൽ ഉണ്ടായ താൻ വീണ്ടും ഉണ്ടാവുക എന്നത്. ദൈവമാണ് തന്നെ ഇല്ലായ്മയിൽ നിന്ന് സൃഷ്ടിച്ചതെങ്കിൽ, ഉണ്ടായ ശേഷം നശിച്ച തന്നെ വീണ്ടും ഉണ്ടാക്കുക അവന് വളരെ അനായാസകരമായിരിക്കും. ഇവിടെ شيء (വസ്തു) എന്നതുകൊണ്ട് ഉദ്ദേശ്യം പദാർഥം അല്ലെങ്കിൽ ഉള്ളത്-موجود- എന്നാണ്. പുനരുത്ഥാനത്തേക്കാൾ വിദൂരമായ ഉത്ഥാനത്തെ അംഗീകരിക്കുന്നവർ തങ്ങൾക്കു ഗോചരമായിട്ടില്ല എന്നതിന്റെ പേരിൽ മാത്രം പുനരുത്ഥാനത്തെ നിഷേധിക്കുന്നത് യുക്തിവിരുദ്ധമാണ്. ഉയിർത്തെഴുന്നേൽപിനെ നിഷേധിക്കുന്നവരെ ഖുർആൻ ഇക്കാര്യം ആവർത്തിച്ചു ഓർമിപ്പിക്കുന്നുണ്ട്. വാർധക്യകാലത്ത്, തനിക്ക് പുത്രനുണ്ടാകുമെന്ന് സുവിശേഷം ലഭിച്ചപ്പോൾ അത്ഭുതം കൂറിയ സകരിയ്യാ നബിയെ അല്ലാഹു ഉണർത്തിയതായി ഈ സൂറഃയുടെ 9-ാം സൂക്തത്തിൽ പറയുന്നു: هُوَ عَلَيَّ هَيِّنٌ وَقَدْ خَلَقْتُكَ مِن قَبْلُ وَلَمْ تَكُ شَيْئًا (എനിക്കത് വളരെ അനായാസമാകുന്നു. നേരത്തെ നീ ഒന്നുമല്ലാതിരുന്ന അവസ്ഥയിൽ ഞാൻ നിന്നെ സൃഷ്ടിച്ചിട്ടുണ്ടല്ലോ). 36:77-79-ൽ പരലോക നിഷേധികളോട് ചോദിക്കുന്നു:

أَوَلَمْ يَرَ الْإِنسَانُ أَنَّا خَلَقْنَاهُ مِن نُّطْفَةٍ فَإِذَا هُوَ خَصِيمٌ مُّبِينٌ ﴿٧٧﴾

وَضَرَبَ لَنَا مَثَلًا وَنَسِيَ خَلْقَهُ ۖ قَالَ مَن يُحْيِي الْعِظَامَ وَهِيَ رَمِيمٌ ﴿٧٨﴾

قُلْ يُحْيِيهَا الَّذِي أَنشَأَهَا أَوَّلَ مَرَّةٍ ۖ وَهُوَ بِكُلِّ خَلْقٍ عَلِيمٌ ﴿٧٩﴾

(നാം ഒരു ശുക്ലകണത്തിൽ നിന്ന് അവനെ സൃഷ്ടിച്ചതെങ്ങനെയെന്ന് ഈ മനുഷ്യൻ ചിന്തിക്കുന്നില്ലെയോ? ഇപ്പോഴിതാ തികഞ്ഞ കുതർക്കിയായി അവൻ നമ്മോട് ന്യായം പറയുന്നു. സ്വന്തം സൃഷ്ടി വിസ്മരിച്ചുകൊണ്ട് അവൻ ചോദിക്കുന്നു: ദ്രവിച്ചുകഴിഞ്ഞ അസ്ഥികളെ ആരു ജീവിപ്പിക്കാൻ?! പ്രവാചകൻ അവരോട് പറയുക: അവയെ ആദ്യം ഉണ്ടാക്കിയവൻ തന്നെ വീണ്ടും ഉണ്ടാക്കിക്കൊള്ളും. അവൻ എല്ലാവിധ സൃഷ്ടികർമത്തിലും നിപുണനാകുന്നു). 30:27-ൽ പറയുന്നു: الَّذِي يَبْدَأُ الْخَلْقَ ثُمَّ يُعِيدُهُ وَهُوَ أَهْوَنُ عَلَيْهِ (സൃഷ്ടി തുടങ്ങുന്നവനും പിന്നെ അത് പുനഃസൃഷ്ടിക്കുന്നവനുമാണവൻ. അതൊക്കെയും അനായാസമാണവന്). 17:51-ൽ പറയുന്നു: فَسَيَقُولُونَ مَن يُعِيدُنَا قُلِ الَّذِي فَطَرَكُمْ أَوَّلَ مَرَّةٍ (അവർ ചോദിക്കും, ആരാണ് ഞങ്ങളെ പുനഃസൃഷ്ടിക്കുക? പ്രവാചകൻ പറയുക: നിങ്ങളെ ആദ്യം സൃഷ്ടിച്ചവൻ തന്നെ).

## 68

**ഇവിടെ** شياطين കൊണ്ടുദ്ദേശ്യം ആളുകളെ ദൈവിക സരണിയിൽ നിന്ന് വ്യതിചലിപ്പിക്കുന്ന, ജിന്നു വർഗത്തിലും മനുഷ്യവർഗത്തിലുംപെട്ട ശക്തികളാണ്. അറബികൾ വിഗ്രഹങ്ങളോടൊപ്പം ജിന്നുകളെയും ആരാധിച്ചിരുന്നു. മലക്കുകളെയും പുണ്യാത്മാക്കളെയും പൂർവികരെയും ആരാധിക്കുന്നതും ചെകുത്താന്മാരുടെ പ്രചോദനത്തിനു വശംവദരായിട്ടാണല്ലോ. പരലോകത്ത് വിചാരണ സഭയിലെത്തുന്നത് ഇപ്പറഞ്ഞവരെല്ലാം ഒരുമിച്ചായിരിക്കും. അവിടെ ഈ ആരാധ്യരും ആരാധകരുമെല്ലാം പരസ്പരം തർക്കിക്കുകയും കൈയൊഴിയുകയും ചെയ്യുമെന്ന് മറ്റു സൂക്തങ്ങളിൽ വിവരിച്ചിട്ടുണ്ട്.

വിചാരണാ സഭയിൽ ഹാജരാകൽ എല്ലാ മനുഷ്യർക്കുമുള്ളതാണ്. ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത് 66-ാം സൂക്തത്തിൽ وَيَقُولُ الْإِنسَانُ എന്നും 67-ാം സൂക്തത്തിൽ أَوَلَا يَذْكُرُ الْإِنسَانُ എന്നും വ്യവഹരിക്കപ്പെട്ട പരലോക നിഷേധികളായ മനുഷ്യരാണ്. വിശ്വാസികളും സന്മാർഗികളുമായ മനുഷ്യരെ ഒരുമിച്ചുകൂട്ടുക ചെകുത്താന്മാരോടൊപ്പമായിരിക്കുകയില്ല. സജ്ജനങ്ങൾ പരലോകത്ത് ഹാർദമായി സ്വാഗതം ചെയ്യപ്പെടുന്നവരും പ്രസന്നവദനരുമായിരിക്കും. നരകത്തിന് ചുറ്റും ഭയക്രാന്തരായി മുട്ടുകുത്തിയിരിക്കേണ്ട അവസ്ഥ അവർക്കുണ്ടാവില്ല. വിചാരണക്കുശേഷം, 'മുട്ടുകുത്തിയവരായി നരകത്തിന് ചുറ്റും കൊണ്ടുവരും' എന്നു പറയുന്നതും സത്യനിഷേധികളും ധർമധിക്കാരികളുമായ ആളുകളെക്കുറിച്ചാണ്. മുട്ടുകുത്തിയിരുന്നു എന്നർഥമുള്ള جَثَا യിൽ നിന്നുള്ള കർതൃപദമായ جاث ന്റെ ബഹുവചനമാണ് جثي. ഇവിടെ വർണിക്കുന്നത് ശിക്ഷാവിധിക്കു ശേഷം നരകത്തിലേക്ക് തള്ളപ്പെടുന്നതും കാത്ത് ദീനരും ഭീതിതരുമായി ഇരിക്കുന്ന അവസ്ഥയെയാകാം. അല്ലെങ്കിൽ മുട്ടിൽ വലിച്ചിഴച്ച് അവരെ നരകത്തിനടുത്തേക്ക് കൊണ്ടുവരുന്നതിനെയുമാകാം. ദൈന്യതയുടെയും കീഴടങ്ങലിന്റെയും ശരീരഭാഷയാണ് മുട്ടുകുത്തൽ.

ഉയിർത്തെഴുന്നേൽപിനെയും രക്ഷാശിക്ഷകളെയും നിഷേധിക്കുന്ന ഓരോ മനുഷ്യനോടും അല്ലാഹു സത്യം ചെയ്തു പറയുകയാണ്: ഉയിർത്തെഴുന്നേൽപിക്കുക മാത്രമല്ല, നിങ്ങളെ പിഴപ്പിച്ചുകൊണ്ടിരിക്കുന്ന മനുഷ്യരിലും ജിന്നുകളിലുംപെട്ട ചെകുത്താന്മാരായ സുഹൃത്തുക്കളോടും നേതാക്കളോടുമൊപ്പം അല്ലാഹുവിന്റെ കോടതിയിൽ വിചാരണാവിധേയരാക്കുകയും ചെയ്യുമെന്നതിൽ യാതൊരു സംശയവും വേണ്ട. ശിക്ഷാവിധിയും കാത്ത് നരകതീരത്ത് നിസ്സഹായരും പതിതരുമായി മുട്ടുകുത്തിയിരിക്കാനേ അവർക്ക് കഴിയൂ.

## 69

**അങ്ങനെ** ഹാജരാക്കിയ ശേഷം ദൈവധിക്കാരത്തിന്റേതും അധർമത്തിന്റേതുമായ കക്ഷികളിൽ നിന്നും സംഘടനകളിൽനിന്നും ഗ്രൂപ്പുകളിൽനിന്നും പ്രസ്ഥാനങ്ങളിൽ നിന്നും സമുദായങ്ങളിൽ നിന്നുമെല്ലാം അവരവരുടെ നേതാക്കളെ അല്ലാഹു ആദ്യം പിടികൂടുന്നു. വലിച്ചെടുത്തു, ഊരിയെടുത്തു എന്നർഥമുള്ള نزع യിൽ നിന്നുള്ള വർത്തമാനക്രിയാ രൂപമാണ് لَنَنزِعَنَّ. ഇതിലെ ആദ്യാക്ഷരമായ ل യും അന്ത്യത്തിലെ ن ഉം തീർച്ചയും ദൃഢതയും ധ്വനിപ്പിക്കാൻ ചേർത്തതാണ്. അനുയായികൾക്കിടയിൽ നിന്ന് യാതൊരു മയവുമില്ലാതെ കർക്കശമായ രീതിയിൽ വലിച്ചൂരി മുന്നിൽ നിർത്തുമെന്നാണ് താൽപര്യം. ഇഹലോകത്ത് തെറ്റായ ആദർശങ്ങളും ആചാരങ്ങളും സ്വീകരിക്കാൻ ജനങ്ങൾക്ക് നേതൃത്വം നൽകിയവർ തന്നെ, ഇപ്പോൾ അവർ നരകത്തിലേക്ക് പോകാനും നേതൃത്വം വഹിക്കുന്നതിനു വേണ്ടിയാണിത്. ഏതു കുറ്റത്തിലും ആദ്യം ശിക്ഷിക്കപ്പെടുക അതിന് തുടക്കം കുറിച്ചവരും, ആളുകളെ അതിന് പ്രേരിപ്പിച്ചവരുമാണ്.

شيعة കക്ഷിയാണ്. സവിശേഷമായ ആദർശ തത്ത്വങ്ങളുടെ പേരിൽ സംഘമായവരും ഒരു പ്രത്യേക നേതാവിന്റെ പേരിൽ സംഘടിച്ചവരും മതങ്ങളുടെയും ദർശനങ്ങളുടെയും പേരിൽ സംഘടിച്ചവരുമെല്ലാം അതിന്റെ شيعة ആകുന്നു. അത് വ്യവസ്ഥാപിതമായി സംഘടിപ്പിക്കപ്പെട്ടതാവണമെന്നില്ല. മുകളിൽ പറഞ്ഞ കാര്യങ്ങളിൽ ഏതെങ്കിലുമൊന്നിലുള്ള ആഭിമുഖ്യം പങ്കിടുന്നവരും അക്കാര്യത്തിൽ പരസ്പരം പിന്തുണക്കുന്നവരുമായവരെയും شيعة എന്നു പറയും. നാലാം ഖലീഫ അലി(റ)യോടുള്ള അമിതാഭിമുഖ്യത്താൽ ചരിത്രത്തിലാദ്യമായി ഇസ്‌ലാമിക സമൂഹത്തിന്റെ പൊതുധാര(അഹ്‌ലുസ്സുന്നത്തി വൽജമാഅഃ)യിൽ നിന്ന് വേർപിരിഞ്ഞവർ شيعة علي എന്നറിയപ്പെട്ടു. ഇവരുടെ പിന്മുറക്കാരാണ് ഇന്നത്തെ ശിയാക്കൾ. ايهم എന്നതിന്റെ ഭാഷാർഥം 'അവരിൽ ആര്' എന്നാണ്. ഇവിടെ اي എന്ന പദം من (യാതൊരുത്തൻ) എന്ന പദത്തിനു പകരമാണ്. أَيُّهُمْ أَشَدُّ എന്നാൽ من هو اشد എന്നർഥം. عتي-ന്റെ ആശയം നേരത്തെ 8-ാം സൂക്തത്തിനു താഴെ വ്യക്തമാക്കിയിരിക്കുന്നു.

## 70

**ഈ** സൂക്തത്തിന്റെ പ്രകടമായ ആശയം ഇതാണ്: ആ സന്ദർഭത്തിൽ നരകപ്രവേശത്തിന് ഏറ്റവുമധികം അർഹതയുള്ള കുറ്റവാളി ആരാണ്, ആദ്യം പ്രവേശിപ്പിക്കേണ്ടതാരെയാണ്, ആരെയൊക്കെ നരകത്തിന്റെ ഏതെല്ലാം തട്ടുകളിലേക്കയക്കണം എന്നൊക്കെ അല്ലാഹുവിനു നന്നായറിയാം. അതൊന്നും അവനേക്കാൾ അറിയുന്ന മറ്റാരുമില്ല. അതിനാൽ അവന് ആരോടും ഉപദേശം തേടുകയോ കൂടിയാലോചിക്കുകയോ ചെയ്യേണ്ട കാര്യവുമില്ല. ഏതെങ്കിലും കാര്യം തന്റെ നിർദേശമോ ശിപാർശയോ അനുസരിച്ച് കൈകാര്യം ചെയ്യണമെന്ന് അവനോടാവശ്യപ്പെടാവുന്ന അവസ്ഥയിലുള്ളവരും ആരുമില്ല. വിഗ്രഹാരാധകരുടെ ശിപാർശാ സങ്കൽപത്തിനു നേരെയുള്ള വിമർശനവും കൂടി ഉൾക്കൊള്ളുന്നുണ്ടീ വാക്യം. ഒരു സൃഷ്ടിക്കു വേണ്ടി അല്ലാഹുവിനോട് ശിപാർശ ചെയ്യാൻ ആർക്കെങ്കിലും കഴിയണമെങ്കിൽ, ആ സൃഷ്ടിയെക്കുറിച്ച് അല്ലാഹുവിനെക്കാളേറെ അറിയുന്നത് താനാണെന്ന് വാദിക്കാൻ കഴിയണം. അല്ലെങ്കിൽ ആ സൃഷ്ടിയുടെ കാര്യം തീരുമാനിക്കുന്നതിൽ തന്റെ താൽപര്യം മാനിക്കാൻ അല്ലാഹു ബാധ്യസ്ഥനാണെന്ന് വാദിക്കാൻ കഴിയണം. അങ്ങനെ അവകാശപ്പെടുന്നതോ അവകാശപ്പെടാൻ കഴിയുന്നതോ ആയ ഒരു സൃഷ്ടിയുമില്ല. صَلِيَ എന്ന ക്രിയയിൽ നിന്നുള്ള കർതൃപദമാണ് صِلِيّ, ഒരു വസ്തു തീയിൽ കത്തിക്കുന്നതിനും വേവിക്കുന്നതിനും صلى النّار എന്നും صلى بالنار എന്നും പറയും. ■